**KERALA STATE ELECTRICITY REGULATORY COMMISSION**

KPFC BHAVANAM, C.V. RAMAN PILLAI ROAD, VELLAYAMBALAM,
THIRUVANANTHAPURAM, KERALA, PIN 695 010

Phone: 0471 273 5544, FAX 0471 273 5599, Website: www.erckerala.org
E-mail: kserc@erckerala.org


## പത്രക്കുറിപ്പ്

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 2018-19 മുതൽ നാലു വർഷത്തേയ്ക്ക് വൈദ്യുതി നിരക്ക് നിർണ്ണയിക്കുന്നതിന് ആവശ്യമായ വൈദ്യുതി താരിഫ് റെഗുലേഷൻ 2017 ൻെറ കരട് രൂപം പൊതുജനങ്ങളുടെയും മറ്റ് ബന്ധപ്പെട്ടവരുടെയും അറിവിലേയ്ക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി റെഗുലേഷൻ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ സ്ട്രാറ്റജിക്ക് ബിസിനസ്സ് യൂണിറ്റ് (ഉൽപ്പാദനം), സ്ട്രാറ്റജിക്ക് ബിസിനസ്സ് യൂണിറ്റ് (പ്രസരണം), സ്ട്രാറ്റജിക്ക് ബിസിനസ്സ് യൂണിറ്റ് (വിതരണം), സ്റ്റേറ്റ് ലോഡ് ഡെസ്പാച്ച് സെന്റർ, മറ്റ് വൈദ്യുതി വിതരണ ലൈസൻസികൾ എന്നിവർക്ക് ബാധകമാണ്. പ്രസ്തുത റെഗുലേഷൻ പ്രകാരം ഉൽപ്പാദന, പ്രസരണ, വിതരണ ഏജൻസികളുടെ അടുത്ത നാലുവർഷത്തെക്കുള്ള പ്രവർത്തന മാനദണ്ഡങ്ങളും ചെലവുകൾ ഈടാക്കുന്നതിനുള്ള മാനദണ്ഡങ്ങളും നിശ്ചയിച്ചിരിക്കുന്നതിനാൽ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡും മറ്റു വിതരണലൈസൻസികളും ദീർഘകാല ആസൂത്രണം നടത്തുമെന്നും, പ്രവർത്തന മേഖലയിൽ കാര്യക്ഷമത ഉറപ്പുവരുത്തുമെന്നും പ്രതീക്ഷിക്കുന്നു.

ടി റെഗുലേഷൻ പ്രകാരം കേരള സംസ്ഥാനത്തെ എല്ലാ ഉപഭോക്താക്കളുടെയും അടുത്ത നാലു വർഷകാലയളവിലേയ്ക്കള്ള വൈദ്യുതി നിരക്കുകൾ മുൻകൂട്ടി നിശ്ചയിക്കുന്നതാണ്. ഇതുവഴി ഉപഭോക്താക്കൾക്ക് അവരുടെ ഉപഭോഗക്രമം ചിട്ടപ്പെടുത്തുന്നതിനും ഉൽപ്പാദന, പ്രസരണ, വിതരണ ഏജൻസികൾക്ക് ദീർഘകാല പ്രവർത്തനം ക്രമീകരിക്കുന്നതിനും സാധിക്കും.

ലൈസൻസികളുടെ പ്രവർത്തനം ക്രമാനുഗതമായി മെച്ചപ്പെടുത്തി വൈദ്യുതിക്ക് ന്യായമായ നിരക്കുകൾ നിശ്ചയിക്കുന്നതിനാവശ്യമായ രൂപരേഖ പ്രസ്തുത റെഗുലേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാര്യക്ഷമമായ പ്രവർത്തനം നടപ്പാക്കുന്നതുവഴി ഉണ്ടാ

കുന്ന മെച്ചം സംസ്ഥാനത്തെ എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും ലഭ്യമാക്കുന്നതിനും ടി റെഗുലേഷൻ വിഭാവന ചെയ്യുന്നു.

പൊതുജനങ്ങളുടെയും മറ്റുബന്ധപ്പെട്ടവരുടെയും അറിവിലേക്കായി പ്രസിദ്ധീകരിച്ച കരടു റെഗുലേഷന്മേലുള്ള പബ്ളിക്ക് ഹിയറംഗ് 10.01.2018 ന് രാവിലെ 11 മണിക്ക് തിരുവനന്തപുരത്തെ കമ്മീഷൻ ഓഫീസിൽ വച്ച് നടത്തുന്നതാണ്. പ്രസ്തുത പബ്ളിക്ക് ഹിയറിംഗിൽ പൊതുജനങ്ങൾക്കും മറ്റു ബന്ധപ്പെട്ടവർക്കും പങ്കെടുക്കാവുന്നതും നേരിട്ട് അഭിപ്രായങ്ങൾ സമർപ്പിക്കാവുന്നതാണ്.

സെക്രട്ടറി